"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - PMAAGY പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക SNA അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.365/2025/SCSTD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-
1. മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിന്റെ 06/03/2025 ലെ 11015/01(13)/2021-SCA നമ്പർ കത്ത്
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 31/05/2025 ലെ PM1-1197/22 നമ്പർ കത്ത്

**ഉത്തരവ്**

"പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (PMAAGY) 2024-25" പദ്ധതിയുടെ നടത്തിപ്പിനായി അനുമതി നൽകിയ 122.38 ലക്ഷം രൂപയിൽ, മൂന്നാം ഗഡുവായി 30 ലക്ഷം രൂപ റിലീസ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിരുന്നു.

2) പ്രസ്തുത സാഹചര്യത്തിൽ ടി തുക പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (PMAAGY) പദ്ധതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ രൂപീകരിച്ച SNA അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (PMAAGY) 2024-25" പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്നാം ഗഡുവായി കേന്ദ്ര സർക്കാർ റിലീസ് ചെയ്ത 30 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിലേയ്ക്ക് (SNA A/c No. 110174015600 Canara Bank, IFSC code: CNRB0002499, Cosmopolitan Hospital Building, Murinjapalam, Pattom, TVPM 695004, Kerala MICR Code - 695015011) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
4. ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
5. ധനകാര്യ (പ്ലാനിംഗ് - എ) വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 05-06-2025 16:20:59

<u>പകർപ്പ്:</u>

1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ